സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

കോവിഡ് 19 രണ്ടാം വ്യാപനം - സാമ്പത്തിക പ്രതിസന്ധി - മാറ്റിവച്ച ശമ്പളം വിതരണം ചെയ്യുന്നത് താൽക്കാലികമായി നിർത്തിവച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3701/20/Est-I** നന്തൻകോട്, **25/05/2021**

---

പരാമർശം :- 1) 04-05-2020 ലെ ROC 3701/20/Est-1 (ii) നമ്പർ ബോർഡുത്തരവ്.
2) 10-03-2021 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3) 25-05-2021 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

കോവിഡ് - 19 ന്റെ രണ്ടാം വ്യാപനത്തെ തുടർന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന ലോക്ക്ഡൗൺ കാരണം തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഭക്തജനങ്ങളെ പ്രവേശിപ്പിക്കുന്നില്ല. ഇതുമൂലം ഉരുത്തിരിഞ്ഞ സാമ്പത്തിക സാഹചര്യം ബോർഡ് ചർച്ച ചെയ്തു.

നിലവിലുള്ള ഡെപ്പോസിറ്റിന് പുറമെ ഗ്രൂപ്പുകളിൽ നിന്നും അതത് മാസം ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം കൂടി ഉപയോഗിച്ചാണ് ശമ്പളം, പെൻഷൻ എന്നിവ വിതരണം ചെയ്തുകൊണ്ടിരുന്നത്. ക്ഷേത്രങ്ങളിൽ കാണിക്ക ഇനത്തിലും വഴിപാടിനത്തിലുമുള്ള വരുമാനം നിലച്ചത് കാരണം ഈ മാസം ഗ്രൂപ്പുകളിൽ നാമമാത്രമായ നിക്ഷേപങ്ങൾ മാത്രമെ ഉള്ളൂ. അതിനാൽ ശമ്പളം, പെൻഷൻ, ജീവനക്കാരുടെ മാറ്റിവച്ച ശമ്പളത്തിന്റെ രണ്ടാം ഗഡു തുടങ്ങിയവ വിതരണം ചെയ്യുന്നതിന് ഫണ്ട് അപര്യാപ്തമാണ്.

ഈ സാഹചര്യത്തിൽ പരാമർശം 2 പ്രകാരം തിരികെ നൽകുന്നതിന് അനുവദിച്ചിരുന്ന ജീവനക്കാരുടെ മാറ്റിവച്ച ശമ്പള തുകയുടെ

(മറുപുറം)

രണ്ടാം ഗഡു മുതൽ തുടർന്നുള്ള തവണകൾ തൽക്കാലം വിതരണം ചെയ്യേണ്ടതില്ലായെന്നും സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആയത് നൽകുന്ന കാര്യം പരിഗണിക്കുന്നതിന് തീരുമാനിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK